# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4788 22/03/2018-ൽ മറുപടിക്ക്

## കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ വൈദ്യുതിപ്രശ്നം

| | ചോദ്യം<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബർതോട്ടങ്ങൾക്കിടയിലൂടെയും, പാടശേഖരങ്ങളിലൂടെയും വൈദ്യുതിലൈൻ കടന്നുപോകുന്നതുമൂലം നേരിടുന്ന വൈദ്യുതിപ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) | സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി എല്ലായ്പ്പോഴും ലഭ്യമാക്കുന്നതിന് എച്ച്. റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, എബിസി ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ ആർ. എം. യു. എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടേയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തികൾ ആസൂത്രണം ചെയ്ത് 2018 – 22 കാലയളവിൽ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റുകൾ (പി.എം.യു.) രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബ്ബർ തോട്ടങ്ങൾക്കിടയിലൂടെയും പാടശേഖരങ്ങളിലൂടേയും ലൈൻ കടന്നു പോകുന്നതു മൂലം നേരിടുന്ന വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളും, നിലവിലുള്ള പുതുപ്പനം ഫീഡർ, റോഡിന്റെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും 2018 – 22 കാലയളവിലേയ്ക്കുള്ള ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | പുതുപ്പനം ഫീഡറിൽ നിന്നും മെയിൻ റോഡിലൂടെ വൈദ്യുതി എത്തിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ